ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

16 [*346] ശ്രീ. ടി. കെ. ബാലൻ :

,, ടി. പി. രാമകൃഷ്ണൻ :

,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്കും, കുടുംബാംഗങ്ങൾക്കും നൽകുന്നതിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ക്ഷേമനിധിബോർഡുകൾ വഴിയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയും വേഗം വിതരണം ചെയ്യാറുണ്ട്. എന്നാൽ ചുരുക്കം ചില ക്ഷേമനിധിബോർഡുകളിൽ സാമ്പത്തിക പ്രതിസന്ധിമൂലം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. അത്തരം ബോർഡുകൾ ഘട്ടംഘട്ടമായി ടി കുടിശ്ശിക തീർക്കുന്നതിനായുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി സ്വീകരിച്ചുവരുന്നു.

കേരളത്തിലെ സ്വർണ്ണ നിക്ഷേപം

17 [*347] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിങ് ആന്റ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ പഠനത്തിൽ കേരളത്തിൽ സ്വർണ്ണനിക്ഷേപം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിക്ഷേപം ഏതൊക്കെ മേഖലകളിലാണ് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത മേഖലകളിൽ ഖനനം നടത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): (എ) സംസ്ഥാന സർക്കാരിന്റെ മൈനിങ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും നടത്തിയ പഠനത്തിൽ കേരളത്തിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ മേപ്പാടി, ചൂണ്ടയിൽ, വൈത്തിരി, താരിയോട് പ്രദേശങ്ങളിലും, മലപ്പുറം ജില്ലയിലെ നിലമ്പൂർ താഴ്വരയിലെ മരുത, മണ്ണുചീനി, കാപ്പിൽ, കടന്നമണ്ണ നിലമ്പൂരിലെ തന്നെ ചാലിയാർ, പുന്നപ്പുഴ എന്നീ നദി തടങ്ങളിലും (പ്ലേസർ നിക്ഷേപം) പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്തുമാണ് സ്വർണ്ണ നിക്ഷേപം ഉള്ളതായി കണ്ടെത്തിയത്.

(സി) മലപ്പുറം ജില്ലയിലെ മരുതയിൽ ഒരു ടൺ പാറയിൽ 4 ഗ്രാം സ്വർണ്ണം എന്ന തോതിൽ 0.55 മില്യൺ ടൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. ടി പ്രദേശത്ത് സ്വർണ്ണഖനി തുറക്കുന്നതിന് കുറച്ചുകൂടി വിശദമായ പഠനം ആവശ്യമാണ്. ആയതിന്റെ മുന്നോടിയായി 17-10-2003-ൽ കേന്ദ്ര സർക്കാരിന്റെ ഖനി വകുപ്പ് 177.09 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകി മിനറൽ എക്സ്പ്ലൊറേഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ വിശദമായ പഠനം നടത്താൻ ഏർപ്പെടുത്തുകയുണ്ടായി. പദ്ധതി ചെലവിന്റെ 15 ശതമാനം കേരള സർക്കാർ അനുവദിക്കുകയുണ്ടായി. എന്നാൽ മരുത പ്രദേശത്തെ സ്വർണ്ണ നിക്ഷേപം ഉള്ള സ്ഥലം വനം വകുപ്പിന്റെ അധീനതയിൽ ആയതിനാൽ ഈ വകുപ്പിന്റെ അനുമതിയോടെ മാത്രമേ പര്യവേക്ഷണം നടത്താൻ സാധിക്കുകയുള്ളൂ. വനം വകുപ്പിന്റെ അനുവാദം ലഭിക്കുവാൻ വേണ്ട നടപടികൾ മൈനിങ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിച്ചുവരികയാണ്.

കൂടാതെ നിലമ്പൂർ പ്രദേശത്തെ പുന്നപ്പുഴ, ചാലിയാർ പുഴകളിൽ ഒരു ഘനമീറ്ററിന് 0.01 ഗ്രാം എന്ന തോതിൽ വിശദ പര്യവേക്ഷണം നടത്തി സ്വർണ്ണം അടങ്ങിയിട്ടുള്ള 2.5 ദശലക്ഷം ക്യൂബിക് മീറ്റർ ചരൽതിട്ട തിട്ടപ്പെടുത്തിയിട്ടുണ്ട്. മൊത്തം 30 ദശലക്ഷം ടൺ സ്വർണ്ണം അടങ്ങിയ ചരൽതിട്ടയുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽപെട്ട പുട്ടുമലയിൽ 12.98 ഗ്രാം/ടൺ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.08 ദശലക്ഷം ടൺ പാറയിൽ കോട്ടത്തറയിൽ 14.99 ഗ്രാം/ടൺ എന്ന തോതിലുള്ള 0.0067 ദശലക്ഷം ടൺ പാറ നിക്ഷേപവും കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പര്യവേക്ഷണ ഫലമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ പര്യവേക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടിയിലെ സ്വർണ്ണ നിക്ഷേപം ഖനനം ചെയ്യുവാനുള്ള സാദ്ധ്യതകളെപ്പറ്റി പഠിക്കുവാൻ സംസ്ഥാന മൈനിങ് ആന്റ് ജിയോളജി വകുപ്പും ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയും ഹട്ടിഗോർഡ് മൈൻസുമായി ചേർന്ന് ഒരു കർമ്മ പരിപാടി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശമുണ്ട്.

കാർഷികാധിഷ്ഠിത വ്യവസായ വളർച്ചയ്ക്ക് സ്വീകരിച്ച നടപടി

18 [*348] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, സ്റ്റീഫൻ ജോർജ് :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായ വളർച്ചക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മരച്ചീനിയിൽ നിന്നും ഗ്ലൂക്കോസ് തുടങ്ങിയ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി ഒരു പുതിയ സ്കീം സർക്കാർ ആവിഷ്കരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേരളത്തിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായ വികസനത്തിനായി സർക്കാർ മറ്റു ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി നൽകുന്ന ആനുകൂല്യങ്ങളേക്കാൾ കൂടുതലായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

കാർഷികാധിഷ്ഠിത/ഭക്ഷ്യ സംസ്കരണ മേഖലയെ ത്രസ്റ്റ് ഇൻഡസ്ട്രീസിൽ പെടുത്തി 15% മൂലധന സബ്സിഡി പരമാവധി 15 ലക്ഷം രൂപ വരെ നൽകിവരുന്നു.

ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന ഇത്തരം യൂണിറ്റുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി നൽകിവരുന്നു.

ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഫുഡ് പാർക്കുകൾ സ്ഥാപിച്ചു.

കിൻഫ്രയുടെ ഫുഡ് പ്രോസസിംഗ് പാർക്കുകളിൽ കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ക്വാളിറ്റി കൺട്രോൾ ലാബ്, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയ കാർഷികവിഭവങ്ങളെ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ്, ഫുഡ് ഇൻക്യുബേഷൻ സെന്റർ എന്നിവ ഒരുക്കിവരുന്നു. കൂടാതെ ഈ പാർക്കുകളിൽ ഭക്ഷ്യ സംസ്കരണ ശാലകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly